(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കുടിശ്ശികക്കാരായ ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക, കുടിശ്ശിക തുകയ്ക്ക് തവണ വ്യവസ്ഥകൾ അനുവദിക്കുക, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക മുതലായ നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ കോടതികളുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ കോടതി ഉത്തരവിനനുസൃതമായി മാത്രമേ കുടിശ്ശിക ഈടാക്കുവാൻ സാധിക്കുകയുള്ളൂ. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയനുസരിച്ച് പലിശ നിരക്കിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

വൈദ്യുതി ഉത്പാദന പദ്ധതികൾ

57 (442) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി വൈദ്യുതി ഉല്പാദന പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള വൈദ്യുത പദ്ധതികളിൽ ഉല്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഊർജ്ജ ഉല്പാദനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു:

ചിമ്മിനി	- 2.5 മെഗാവാട്ട്
ആഢ്യൻപാറ	- 3.5 മെഗാവാട്ട്
വെള്ളത്തൂവൽ	- 3.6 മെഗാവാട്ട്
പൊരുന്തേനരുവി	- 6 മെഗാവാട്ട്
ഭൂതത്താൻകെട്ട്	- 24 മെഗാവാട്ട്
പൊരിങ്ങൽകുത്ത്	- 24 മെഗാവാട്ട്
ആകെ	63.6 മെഗാവാട്ട്

ഈ സർക്കാർ അധികാരമേറ്റശേഷം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നീ ഉത്പാദന മേഖലകളിൽ സംസ്ഥാനത്ത് ലഭ്യമായ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശം അനുബന്ധമായി

LIBRARY ARCHIVES Kerala Legislative Assembly

ചേർത്തിട്ടുണ്ട്*. സ്വകാര്യ മേഖലയിൽ 23 ചെറുകിട ജലസേചന പദ്ധതികൾ IPP/CPP വിഭാഗത്തിൽ BOOT അടിസ്ഥാനത്തിൽ 30 കൊല്ലത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ അനുബന്ധത്തിൽ* കൊടുത്തിരിക്കുന്നു. ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10,000 സൗരഗൃഹ പദ്ധതിയും, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയും അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. 8500 സൗരഗൃഹ പദ്ധതി വഴി 8.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിഞ്ഞു.

സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി വഴി 3.5 മെഗാവാട്ട് ഊർജ്ജ സൗരപ്ലാന്റ് സ്ഥാപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. സൗരപ്ലാന്റുകളുടെ പ്രതിഷ്ഠാപനങ്ങൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ കെട്ടിടങ്ങളിലായി 363 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും 323 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പവർ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലുമാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പുനരുദ്ധാരണ-നവീകരണത്തിലൂടെ 9 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ശബരിഗിരി - 5 മെഗാവാട്ട്

(നാലാം യൂണിറ്റ് - പുനരുദ്ധാരണത്തിന് ശേഷം 55 മെഗാവാട്ടിൽ നിന്നും 60 മെഗാവാട്ട് ആയി)

പെരിങ്ങൽകുത്ത് - 4 മെഗാവാട്ട്

(4x8 മെഗാവാട്ട് നവീകരിച്ച് 4x9 മെഗാവാട്ട് ആയി)

ആകെ - 9 മെഗാവാട്ട്

(സി) നിർമ്മാണം ആരംഭിച്ച 6 പദ്ധതികളെ കൂടാതെ 219 മെഗാവാട്ടിന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 മെഗാവാട്ടിന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163 മെഗാവാട്ട്) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1kW-ന്റെ 70 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സെൻട്രൽ ഫിനാൻഷ്യൽ അസിസ്റ്റൻസോടുകൂടി നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് 43-ഓളം പീക്കോ പദ്ധതികൾക്കുകൂടി ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടുപിടിച്ചുവരുന്നു. അനെർട്ട് നടപ്പിലാക്കിവരുന്ന 10000 സൗരഗ്രഹ പദ്ധതിയുടെ മാതൃകയിൽ 2015-16 കാലയളവിൽ ആരംഭിച്ച പുതിയ പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാ ബന്ധിത പദ്ധതി. 2 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൗരപ്ലാന്റുകൾ സ്ഥാപിക്കുകവഴി 15 മെഗാവാട്ട് സ്ഥാപിത ശേഷിയാണ് ലക്ഷ്യമിടുന്നത്. കേരളത്തിൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വൈദ്യുതി ചാർജ്ജ് ഓൺലൈനിൽ

58 (443) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് ഓൺലൈനിൽ അടിക്കുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾവഴി നെറ്റ് ബാങ്കിങ്ങിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും